പതിനാലാം കേരളനിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2976** **10.05.2017-ൽ മറുപടിക്ക്**

## തലസ്ഥാനം കേന്ദ്രീകരിച്ച് ലഹരി മരുന്ന് മാഫിയകൾ നടത്തുന്ന പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) തലസ്ഥാനം കേന്ദ്രീകരിച്ച് ലഹരി മരുന്ന് മാഫിയകൾ നടത്തുന്ന പ്രവർത്തനം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | (എ) തലസ്ഥാനം കേന്ദ്രീകരിച്ച് ലഹരി മരുന്ന് മാഫിയകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ലഹരിവസ്തുക്കളുടെ വിപണനവും വ്യാപനവും തടയുന്നതിലേക്കായി റെയ്ഡുകളും പരിശോധനകളും നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) ലഹരിമരുന്ന് വില്പനയും മോഷണവും തടയുന്നതിനായി തലസ്ഥാനം കേന്ദ്രീകരിച്ച് സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ് സജ്ജീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) ലഹരി പദാർത്ഥങ്ങളുടെ വിൽപ്പനയും ഉപയോഗവും തടയുന്നതിനായി തിരുവനന്തപുരം നഗരത്തിലെ പോലീസ് അസി. കമ്മീഷണർ, നാർക്കോട്ടിക് സെല്ലിന്റെ കീഴിൽ 2 സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ നഗരത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിൽ നിന്നും രണ്ട് പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് സജ്ജീകരിച്ചിട്ടുണ്ട്. ഈ ഗ്രൂപ്പിലെ അംഗങ്ങൾ സ്റ്റേഷനതിർത്തിയിൽ ലഹരി പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നവരേയും, വിൽപ്പന നടത്തുന്ന സ്ഥലങ്ങളും, ഉപയോഗിക്കുന്നവരേയും പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ച് പോലീസ് സ്റ്റേഷൻ മുഖേനയും നാർക്കോട്ടിക് സെൽ മുഖേനയും റെയ്ഡുകൾ നടത്തി കുറ്റവാളികൾക്കെതിരെ NDPS Act പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മോഷണം തടയുന്നതിനായി ഷാഡോ പോലീസിന്റെ സേവനവും, എല്ലാ പോലീസ് സ്റ്റേഷനുകളിലും നൈറ്റ് പെട്രോളിംഗ് എന്നിവയും നടത്തി വരുന്നുണ്ട്. |

(സി) ഇതിന്റെ പ്രാരംഭനടപടി എന്ന നിലയിൽ ഷാഡോ പോലീസിനെ ശക്തിപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ഡി) ഉണ്ട്. റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റോപ്പുകൾ, അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഷാഡോ പോലീസിനെ വിന്യസിപ്പിച്ച് ശക്തമായ നിരീക്ഷണങ്ങൾ നടത്തി കുറ്റകൃത്യങ്ങൾ കണ്ടെത്തുവാനും അവ തടയുവാനും ഉള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

സെക്ഷൻ ഓഫീസർ